REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 16-03-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **കേരളം അടക്കം മൂന്ന് സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ് വിജ്ഞാപനം ഇന്ന്.**
- **തെരഞ്ഞെടുപ്പ് തിയ്യതി പ്രഖ്യാപിച്ചതോടെ മുന്നണികളും രാഷ്ട്രീയ പാർട്ടികളും സ്ഥാനാർഥി നിർണയത്തിന്റെ അവസാന ഘട്ടത്തിലേക്ക്.**
- **രാജ്യത്തൊരിടത്തും പാചക വാതകം ലഭ്യമല്ലാത്ത സാഹചര്യമില്ലെന്ന് പെട്രോളിയം പ്രകൃതി വാതക മന്ത്രാലയം.**
- **98 -ാം ഓസ്കാർ അവാർഡ് പ്രഖ്യാപനം ലോസ് ആഞ്ജലസിൽ പുരോഗമിക്കുന്നു.**
- **സഞ്ജു സാംസണെ കേരള ക്രിക്കറ്റ് അസോസിയേഷൻ വൈകിട്ട് തിരുവനന്തപുരത്ത് ആദരിക്കും.**

## വാർത്തകൾ വിശദമായി

കേരളം അടക്കം മൂന്ന് സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ് വിജ്ഞാപനം ഇന്ന് പുറപ്പെടുവിക്കും. കേരളത്തിന് പുറമെ പുതുച്ചേരി, അസം, സംസ്ഥാനങ്ങളിലെ വിജ്ഞാപനം ഇന്നുണ്ടാകും. ഒറ്റഘട്ടമായി ഏപ്രിൽ ഒമ്പതിനാണ് മൂന്നിടത്തേയും വോട്ടെടുപ്പെന്ന് മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ ന്യൂഡൽഹിയിൽ അറിയിച്ചു. പശ്ചിമ ബംഗാളിൽ മാത്രമാണ് രണ്ട് ഘട്ടങ്ങളിലായി വോട്ടെടുപ്പ് നടത്തുന്നത് - ഏപ്രിൽ 23,29 തിയതികളിൽ. തമിഴ്നാട്ടിൽ ഏപ്രിൽ 23ന് ഒറ്റഘട്ടമായി വോട്ടെടുപ്പ് നടത്തും. കേരളത്തിലെ തെരഞ്ഞെടുപ്പ് പ്രക്രിയ മെയ് 23നകം പൂർത്തീകരിക്കും.

നാലിടത്തും മെയ് നാലിനാണ് വോട്ടെണ്ണൽ. തമിഴ്നാട്ടിലെയും, പശ്ചിമ ബംഗാളിലെയും ഒന്നാം ഘട്ടത്തിന്റെ തെരഞ്ഞെടുപ്പ് വിജ്ഞാപനം ഈ മാസം 30ന് ഉണ്ടാകും. പശ്ചിമ ബംഗാളിലെ രണ്ടാം ഘട്ടത്തിന് ഏപ്രിൽ രണ്ടന് വിജ്ഞാപനം പുറപ്പെടുവിക്കും. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം ഇന്നലെ തന്നെ പ്രാബല്യത്തിൽ വന്നതായും മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണർ അറിയിച്ചു. ആറ് സംസ്ഥാനങ്ങളിലെ എട്ട് നിയമസഭാ സീറ്റുകളിലേക്ക് ഉപ തെരഞ്ഞെടുപ്പും ഇതോടൊപ്പം നടത്തും.

17 കോടിയോളം ആളുകൾക്ക് തെരഞ്ഞെടുപ്പിൽ സമ്മതിദാന അവകാശം ഉണ്ടായിരിക്കും. രണ്ട് ലക്ഷത്തിലേറെ പോളിംഗ് സ്റ്റേഷനുകൾ തെരഞ്ഞെടുപ്പിന് സജ്ജമാക്കും. 25 ലക്ഷത്തിലേറെ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കാണ് അഞ്ച് നിയമസഭകളിലെ 824 സീറ്റുകളിലെ തെരഞ്ഞെടുപ്പ് ചുമതല.

എല്ലാ പോളിംഗ് സ്റ്റേഷനുകളിലും കുടിവെള്ളം, ശൗചാലയങ്ങൾ, ഇതുമായി ബന്ധപ്പെട്ട അടയാള ബോർഡുകൾ എന്നിവ ഉണ്ടായിരിക്കണമെന്ന് മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണർ അറിയിച്ചു. ഓരോ പോളിംഗ് സ്റ്റേഷനിലും പരമാവധി 1,200 പേർക്കായിരിക്കും വോട്ടിംഗ് സൗകര്യം. എല്ലായിടത്തും വെബ് കാസ്റ്റിങ്ങും 24 മണിക്കൂർ നിരീക്ഷണവും ഉണ്ടായിരിക്കും.

തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിലൂടെ സംശുദ്ധമായ തെരഞ്ഞെടുപ്പെന്ന ജനാധിപത്യ പ്രക്രിയ സാധ്യമാകുമെന്ന് ഗ്യാനേഷ് കുമാർ പറഞ്ഞു. അർഹരായ ഒരാൾ പോലും പട്ടികയിൽ നിന്ന് ഒഴിവാക്കപ്പെടുന്നില്ലെന്നും അദ്ദേഹം വിശദീകരിച്ചു. ആദ്യമായി വോട്ട് ചെയ്യുന്നവരോടും, യുവജനങ്ങളോടും തെരഞ്ഞെടുപ്പിൽ സമ്മതിദനം രേഖപ്പെടുത്താനും ജനാധിപത്യ പ്രക്രിയയുടെ ഭാഗമാകാനും ഉത്തരവാദിത്തം നിറവേറ്റാനും ഗ്യാനേഷ് കുമാർ ആഹ്വാനം ചെയ്തു. ജനാധിപത്യത്തിന്റെ ഉത്സവമാണ് രാജ്യത്തെ ഓരോ തെരഞ്ഞെടുപ്പെന്നും മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണർ ഓർമ്മിപ്പിച്ചു.

✪✪✪

സംസ്ഥാനത്ത് നിയമസഭാ തെരഞ്ഞെടുപ്പ് തിയ്യതി പ്രഖ്യാപിച്ചതോടെ മുന്നണികളും രാഷ്ട്രീയ പാർട്ടികളും സ്ഥാനാർഥി നിർണയത്തിന്റെ അവസാന ഘട്ടത്തിലേക്ക് കടന്നു. CPIM ഉം CPI യും ഇന്നലെ തന്നെ സ്ഥാനാർഥി പട്ടിക പുറത്തിറക്കി. കോൺഗ്രസ്സിന്റെ ആദ്യ പട്ടിക ഇന്ന് പ്രഖ്യാപിച്ചേക്കും. BJP യുടെ പട്ടിക നാളെ ഉണ്ടായേക്കും. ഇന്നും നാളെയും മുഴുവൻ സീറ്റുകളിലെയും സ്ഥാനാർത്ഥികളുടെ കാര്യത്തിൽ തീരുമാനമുണ്ടാകും.

CPIM 86 സീറ്റുകളിലാണ് മത്സരിക്കുന്നത്. 81 സ്ഥലങ്ങളിലെ സ്ഥാനാർത്ഥികളുടെ  പട്ടികയാണ് ഇന്നലെ പാർട്ടി സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ പ്രഖ്യാപിച്ചത്.ശേഷിക്കുന്ന അഞ്ചു സീറ്റുകളിൽ സ്ഥാനാർത്ഥികളെ വരും ദിവസങ്ങളിൽ തീരുമാനിക്കും.പതിനാലു പുതുമുഖങ്ങളും 10 വനിതകളും  പട്ടികയിൽ ഇടം നേടി. CPI 25 സീറ്റുകളിലാണ് മത്സരിക്കുന്നത്.ഇതിൽ അഞ്ചു പേർ  വനിതകളാണ്.

കോൺഗ്രസ്സ് പട്ടിക ഹൈ കമാണ്ടിന്റെ അനുമതിയോടെയായിരിക്കും വൈകിട്ട് ഡൽഹിയിൽ

പുറത്തിറക്കുന്നത്. മുതിർന്ന പാർട്ടി നേതാവും MP യുമായ K സുധാകരൻ കണ്ണൂരിൽ മത്സരിക്കുമെന്ന് പരസ്യ നിലപാട് എടുത്തതിനെ തുടർന്നുണ്ടായ പ്രതിസന്ധി പരിഹരിക്കാൻ തിരക്കിട്ട ശ്രമം തുടരുകയാണ്. മുസ്ലിം ലീഗ് കേരള കോൺഗ്രസ്സ് കക്ഷികളുമായി സീറ്റു കാര്യത്തിൽ കോൺഗ്രസ്സ് നേതൃത്വം ഇന്ന് ചർച്ച പൂർത്തിയാക്കും.ഇതിനു ശേഷമായിരിക്കും ലീഗും കേരള കോൺഗ്രസ്സും സ്ഥാനാർത്ഥി പട്ടിക പ്രഖ്യാപിക്കുക.

✪✪✪

നിയമസഭാ തെരഞ്ഞെടുപ്പിന് ഒരുങ്ങുന്ന കേരളത്തിലെ വോട്ടർ പട്ടികയിൽ രണ്ടു കോടി 71 ലക്ഷത്തി 6,059 വോട്ടർമാരുണ്ട്. തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിനു ശേഷം പ്രസിദ്ധീകരിച്ച അന്തിമ വോട്ടർ പട്ടികയിൽ പേരില്ലാത്തവർക്ക് നാമനിർദ്ദേശ പത്രികാ സമർപ്പണത്തിന്റെ അവസാന ദിവസം വരെ പേരു ചേർക്കാൻ അവസരമുണ്ടായിരിക്കും.

തിരുവനന്തപുരത്തു നിന്ന് സ്മിതി M പള്ളുരുത്തി...

........വോയ്സ്......

ഇന്നലെ വൈകിട്ടു വരെയുള്ള കണക്കു പ്രകാരം സംസ്ഥാനത്തെ വോട്ടർ പട്ടികയിൽ പൊതുവായ വോട്ടർമാരുടെ എണ്ണം 2,70,52,007 ആണ്. ഇതിനു പുറമെ 54,052 സർവ്വീസ് വോട്ടർമാരുമുണ്ട്. നിലവിൽ വോട്ടർ പട്ടികയിലുള്ളവരിൽ യുവ വോട്ടർമാർ എന്ന വിഭാഗത്തിൽ പെടുന്ന 18-നും 19-നും ഇടയിൽ പ്രായമുള്ളവർ 4,24,518 ആണ്.  85 വയസിനു മുകളിൽ പ്രായമുള്ളവർ 2,04,317 ആണ്.

✪✪✪

മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്നതോടെ ജില്ലകളിൽ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെ യോഗം ഓൺലൈനായി ചേർന്നു. പൊതു - സ്വകാര്യ ഇടങ്ങളിലെ അനധികൃത പ്രചാരണ സാമഗ്രികൾ നീക്കം ചെയ്യാൻ ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർമാരായ കലക്ടർമാർ നിർദേശം നൽകി.

✪✪✪

ഒഴിവു വരുന്ന 37 രാജ്യസഭാ സീറ്റുകളിൽ ഇന്ന് വോട്ടെടുപ്പ്. 10 സംസ്ഥാനങ്ങളിൽ അടുത്ത മാസത്തോടെ കാലാവധി പൂർത്തിയാക്കുന്ന അംഗങ്ങളുടെ ഒഴിവുകളിലേക്കാണ് തെരഞ്ഞെടുപ്പ്. രാവിലെ ഒമ്പത് മുതൽ വൈകിട്ട് നാലുവരെയാണ് വോട്ടെടുപ്പ്. വൈകിട്ട് അഞ്ചിന് വോട്ടെണ്ണി രാത്രിയോടെ ഫലം പുറത്തുവിടും.

✪✪✪

ഏഷ്യയിലേയും ഓഷ്യാനയിലേയും എണ്ണ ഉത്പാദക രാജ്യങ്ങൾ കരുതൽ ശേഖരത്തിൽ നിന്ന് വൻ തോതിൽ എണ്ണ വിപണിയിലെത്തിക്കുമെന്ന് രാജ്യാന്തര ഊർജ്ജ ഏജൻസി അറിയിച്ചു. ആഗോള എണ്ണ വില നിയന്ത്രിക്കുന്നതിന് വേണ്ടിയാണ് നടപടി. 400 ദശലക്ഷം ബാരൽ എണ്ണ വിപണിയിലെത്തിക്കുമെന്നാണ് ഏജൻസി അറിയിച്ചിരിക്കുന്നത്.

✪✪✪

ഇറാൻ അയൽ രാജ്യങ്ങളിലെ ഹോട്ടലുകൾ, വിമാനത്താവളങ്ങൾ, വാണിജ്യകേന്ദ്രങ്ങൾ എന്നിവയ്ക്കെതിരെ ആയിരക്കണക്കിന് ഡ്രോണുകളും മിസൈലുകളും വിവേചനരഹിതമായി തൊടുത്തതായി അമേരിക്ക ആരോപിച്ചു. എന്നാൽ മേഖലയിലെ ഭീഷണി ഇല്ലാതാക്കാൻ ഇറാനിയൻ സൈനികശേഷി മാത്രമാണ് അമേരിക്ക ലക്ഷ്യമിട്ടതെന്ന് US സെൻട്രൽ കമാൻഡ് അറിയിച്ചു.

✪✪✪

പശ്ചിമേഷ്യൻ മേഖലയിൽ ഇന്ന് ആരംഭിക്കാനിരുന്ന പന്ത്രണ്ടാം ക്ലാസ് പരീക്ഷകൾ CBSE റദ്ദാക്കി. പുതുക്കിയ ഫലപ്രഖ്യാപന സംവിധാനം പിന്നീട് അറിയിക്കും.

✪✪✪

ഇറാൻ അയൽ രാജ്യങ്ങളിലെ ഹോട്ടലുകൾ, വിമാനത്താവളങ്ങൾ, വാണിജ്യകേന്ദ്രങ്ങൾ എന്നിവയ്ക്കെതിരെ ആയിരക്കണക്കിന് ഡ്രോണുകളും മിസൈലുകളും വിവേചനരഹിതമായി തൊടുത്തതായി അമേരിക്ക ആരോപിച്ചു. എന്നാൽ മേഖലയിലെ ഭീഷണി ഇല്ലാതാക്കാൻ ഇറാനിയൻ സൈനികശേഷി മാത്രമാണ് അമേരിക്ക ലക്ഷ്യമിട്ടതെന്ന് US സെൻട്രൽ കമാൻഡ് അറിയിച്ചു.

✪✪✪

ലോക്സഭയിൽ ഇന്ന് റെയിൽവേ മന്ത്രാലയത്തിന്റെ ഗ്രാന്റുകളെക്കുറിച്ച് ചർച്ചയും വോട്ടെടുപ്പും നടക്കും. കൃഷി, കർഷകക്ഷേമ മന്ത്രാലയത്തിന്റെ ഗ്രാന്റുകളെക്കുറിച്ചും ഇന്ന് ചർച്ചയുണ്ടാകും. രാജ്യസഭ, ധനവിനിയോഗ ബിൽ പരിഗണിയ്ക്കും.

✪✪✪

രാജ്യത്തൊരിടത്തും പാചക വാതകം ലഭ്യമല്ലാത്ത സാഹചര്യമില്ലെന്ന് പെട്രോളിയം പ്രകൃതി വാതക മന്ത്രാലയം അറിയിച്ചു. LPG ബുക്കിംഗിൽ വെള്ളിയാഴ്ചത്തേക്കാൾ 11 ലക്ഷം കുറവാണ് ഇന്നലെ ഉണ്ടായതെന്ന് മന്ത്രാലയം ന്യൂഡൽഹിയിൽ പ്രസ്താവനയിൽ വിശദീകരിച്ചു. ഗവൺമെന്റ് മാർഗ നിർദേശ പ്രകാരം ഗാർഹികേതര LPG വിതരണത്തിന് പല സംസ്ഥാനങ്ങളും ഉത്തരവ് നൽകിയതായും മന്ത്രാലയം അറിയിച്ചു.

പെട്രോളും, ഡീസലും രാജ്യത്ത് ആവശ്യത്തിന് ഉണ്ടെന്നും ഇവയുടെ വിതരണം കൃത്യമായി തുടരുന്നുണ്ടെന്നും അറിയിപ്പിൽ പറയുന്നു. വെപ്രാളത്തോടെ ഇന്ധനങ്ങൾ വാങ്ങിക്കൂട്ടേണ്ട സാഹചര്യം ഒരിടത്തും ഇല്ലെന്നും മന്ത്രാലയം വ്യക്തമാക്കി.

✪✪✪

98 -ാം ഓസ്കാർ അവാർഡ് പ്രഖ്യാപനം ലോസ് ആഞ്ജലസിൽ പുരോഗമിക്കുന്നു. ഹോളിവുഡിലെ ഐക്കണിക്ക് വേദിയായ ഡോൾബി തിയേറ്ററിലാണ് പുരസ്കാര ചടങ്ങുകൾ. 24 വിഭാഗങ്ങളിലാണ് പുരസ്കാര പ്രഖ്യാപനം. പശ്ചിമേഷ്യൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ കനത്ത സുരക്ഷയിലാണ് ചടങ്ങുകൾ. ഹോളിവുഡിലെ മുതിർന്ന താരം എമി മാഡിഗൺ മികച്ച സഹ നടിയായി.

✪✪✪

ട്രാഫിക് നിയമങ്ങൾ കൃത്യമായി പാലിക്കുകയും വേഗം നിയന്ത്രിക്കുകയും ചെയ്ത് റോഡുകളിലെ ജീവരക്ഷ ഉറപ്പാക്കണമെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി യുവജനങ്ങളോട് ആവശ്യപ്പെട്ടു. ഓരോ വർഷവും ഹെൽമെറ്റ് ധരിക്കാത്തതുമൂലം 50,000ത്തിലേറെ പേരും സീറ്റ് ബെൽത്ത് ഉപയോഗിക്കാത്തത് വഴി 26,000ത്തിലേറെ പേരും മരിക്കുന്നുണ്ടെന്ന് ഗഡ്കരി നാഗ്പൂരിലെ റോഡ് സുരക്ഷാ പരിപാടിയിൽ പറഞ്ഞു.

✪✪✪

ജനാധിപത്യ സ്ഥാപനങ്ങളുടെ അന്തസ്സ് ഉയർത്തിപ്പിടിക്കാൻ ഗൗരവകരമായ ആത്മപരിശോധന നടത്തേണ്ട സമയമാണിതെന്ന് കാണിച്ച് ലോക്സഭാ സ്പീക്കർ ഓം ബിർള രാഷ്ട്രീയ പാർട്ടി നേതാക്കൾക്ക് കത്തെഴുതി. ചില MP-

മാർ സഭയിൽ ബാനറുകൾ, പ്ലക്കാർഡുകൾ, പോസ്റ്ററുകൾ എന്നിവ കൊണ്ടുവരുന്നതും സഭ്യേതര ഭാഷ സഭയിൽ ഉപയോഗിക്കുന്നതിലും ഓം ബിർള കടുത്ത ആശങ്ക അറിയിച്ചു. ഇത്തരം സാഹചര്യം എല്ലാവരും വ്യക്തിപരമായും കൂട്ടായും പരിശോധിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. എല്ലാ രാഷ്ട്രീയ പാർട്ടികളും അവരുടെ ഉന്നത നേതൃത്വവും സഭയിൽ അച്ചടക്കവും ധാർമ്മികപെരുമാറ്റവും ഉറപ്പാക്കാൻ ശ്രമിക്കണമെന്നും ഓം ബിർള ആവശ്യപ്പെട്ടു. രാജ്യത്തെ ജനങ്ങളുടെ അഭിലാഷങ്ങൾ പ്രതിഫലിപ്പിക്കുന്ന പരമോന്നത ജനാധിപത്യ സ്ഥാപനമാണ് ഇന്ത്യൻ പാർലമെന്റെന്നും സ്പീക്കർ ഓർമിപ്പിച്ചു.

✪✪✪

ഇന്ന് ദേശീയ വാക്സിനേഷൻ ദിനം. പ്രതിരോധ കുത്തിവയ്പ്പുകളുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധം വളർത്തുന്നതിനും 1995-ൽ പോളിയോ നിർമാർജനത്തിന് പൾസ് പോളിയോ വാക്സിനേഷൻ ക്യാമ്പയിൻ ആരംഭിച്ചതിന്റെ സ്മരണയ്ക്കുമായാണ് ദിനം ആചരിക്കുന്നത്.

✪✪✪

ട്വന്റി 20 ലോകകപ്പ് ക്രിക്കറ്റ് വിജയത്തിൽ നിർണായക പങ്കു വഹിച്ച സഞ്ജു സാംസണെ കേരള ക്രിക്കറ്റ് അസോസിയേഷൻ വൈകിട്ട് തിരുവനന്തപുരത്ത് ആദരിക്കും. ഇതോടൊപ്പം മംഗലപുരം ക്രിക്കറ്റ് സ്റ്റേഡിയവും നാടിന് സമർപ്പിക്കും. സ്റ്റേഡിയത്തിലെ ആധുനിക LED ഫ്ലഡ്ലൈറ്റ്, KCA സ്റ്റേറ്റ് അക്കാദമിയുടെ നിർമ്മാണം, ഇൻഡോർ ക്രിക്കറ്റ് പരിശീലന കേന്ദ്രത്തിന്റെ നിർമാണം എന്നിവയും ഇന്ന് ആരംഭിക്കും.

✪✪✪

നാളത്തെ കേരള പ്രീമിയർ ലീഗ് ഫുട്ബോളിൽ റിയൽ മലബാർ FC, കാലിക്കറ്റ് FC മത്സരം കോഴിക്കോട്ട് നിന്ന് തൃശൂരിലേക്ക് മാറ്റി. സാങ്കേതിക പ്രശ്നങ്ങളെ തുടർന്നാണ് വേദി മാറ്റം. വൈകിട്ട് ഏഴിനാണ് കിക്കോഫ്.

✪✪✪

തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിന് ഒരാഴ്ചത്തെ നിർബന്ധിത അവധി നൽകി. പാചകവാതക ക്ഷാമവും, ജലവിതരണം തടസ്സപ്പെട്ടതും മുൻ നിർത്തിയാണ് അവധി.

കോളേജ് ഹോസ്റ്റലുകളും, ക്യാമ്പസിന് സമീപത്തെ സ്വകാര്യ ഹോസ്റ്റലുകളും അടച്ചിരിക്കുകയാണ്.

✪✪✪

സംസ്ഥാനത്തെ വടക്കൻ ജില്ലകളിൽ ഇടിമിന്നലോട് കൂടിയ നേരിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*News Team : ശരണ്യ രാജൻ*
*DEO: സി കെ സുബോധ്*